# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: : 09.12.2025 മുതൽ 13.12.2025 വരെ)

## കണ്ണൂർ ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻനമ്പർ: പിലിക്കോട്/ കെ.എൻ.ആർ - 98/2025 | തീയ്യതി: 08/12/2025 |
|---|---|

### എ.പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 16.4 | 33.0 – 34.6 | 23.0 – 25.4 | 66 – 81 | 04– 08 |

### ബി.വരുന്ന നാല്ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 09-12-2025 | 10-12-2025 | 11-12-2025 | 12-12-2025 | 13-12-2025 |
|---|---|---|---|---|---|
| ശരാശരിമഴ,മി.മീ | 0 | 0 | 0 | 0 | 0 |
| കൂടിയതാപനില, °C | 35 | 35 | 34 | 34 | 34 |
| കുറഞ്ഞതാപനില, °C | 24 | 24 | 24 | 24 | 24 |
| കൂടിയആപേക്ഷികആർദ്രത, % | 70 | 70 | 70 | 70 | 70 |
| കുറഞ്ഞആപേക്ഷികആർദ്രത, % | 65 | 65 | 65 | 65 | 65 |
| കാറ്റിന്റെവേഗത, കി.മീ/മണിക്കൂർ | 4 | 3 | 3 | 3 | 3 |
| കാറ്റിന്റെദിശ, ഡിഗ്രി | 270 | 250 | 270 | 250 | 270 |
| മേഘവിന്യാസം, ഒക്ടാ | 3 | 3 | 3 | 3 | 3 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷികനിർദ്ദേശങ്ങൾ |
|---|---|---|---|
| **പൊതുനിർദ്ദേശങ്ങൾ** | **മഴയില്ല **** | | |
| | അന്തരീക്ഷ ആർദ്രത സാധാരണ പോലെ ആയിരിക്കും. ആകാശം ഭാഗീകമായി മേഘാവൃതമായിരിക്കും. പകൽ സമയത്ത് അന്തരീക്ഷ താപനില കൂടുതലായിരിക്കും | | |
| അപായ സൂചന | ഡിസംബർ 09 മുതൽ 13 വരെ മഴയില്ല. | | |
| **ആഘാതം** | നേർത്ത തണ്ടുള്ള പഴങ്ങളും പച്ചക്കറികളും ഒടിഞ്ഞു വീഴാനുള്ള സാധ്യത.<br>പകൽ സമയത്തെ ഉയർന്ന താപനില മണ്ണിൽ നിന്ന് ഉയർന്ന തോതിൽ ജലനഷ്ടം ഉണ്ടാകാൻ കാരണമാകും.<br>സൂര്യപ്രകാശം നേരിട്ട് ഏൽക്കുന്നത് മൃഗങ്ങൾക്ക് പരിക്കേൽക്കാൻ കാരണമാകും. | | |
| **പൊതുനിർദ്ദേശങ്ങൾ** | വിത്ത്, റബ്ബർ, കശുവണ്ടി, മഞ്ഞൾ, കൊപ്ര ഉല്പന്നങ്ങൾ ശ്രദ്ധാപൂർവം വെയിലത്തിട്ടുണക്കുക.<br>മൃദു കാണ്ഡ വിളകളായ വാഴ, പച്ചക്കറികൾ, താങ്ങുകൾ ആവശ്യമുള്ള കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയ്ക്ക് ശക്തമായ താങ്ങുകൾ നൽകുക.<br>മണ്ണിൽ നിന്നും ജലനഷ്ടം ഉണ്ടാകാതിരിക്കാൻ വിളകൾക്ക് പുതയിടുക . കണികജലസേചനം സ്വീകരിച്ചാൽ ജലനഷ്ടം കുറക്കാൻ സാധിക്കും<br>മുൻകരുതലായി പച്ചക്കറിവിളകൾക്കു ഷെയ്ഡ് നെറ്റ് ഉപയോഗിച്ച് തണൽ നൽകുകയും ജലസേചനം ഉറപ്പാക്കുകയും ചെയ്യുക<br>മൃഗങ്ങളെ കൂടുതൽ നേരം തുറസ്സായ സ്ഥലത്ത് കെട്ടിയിടരുത്. അവയ്ക്ക് ആവശ്യത്തിന് വെള്ളം നൽകുക. | | |

| | | | |
|---|---|---|---|
| തെങ്ങ് | വിവിധ ഘട്ടം | കടചീയൽ<br> | ഹെക്സാകോണസോൾ 25 മില്ലി/25 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തടത്തിൽ ഒഴിച്ച് കൊടുക്കുക.<br>ഒരാഴ്ചയ്ക്ക് ശേഷം കുമ്മായം 2 കിലോ ഒരു തെങ്ങിന് എന്ന തോതിൽ നൽകുക.<br>വീണ്ടും മൂന്നാഴ്ചയ്ക്ക് ശേഷം, പ്രതിരോധ ശേഷി വർധിപ്പിക്കാൻ പൊട്ടാഷ് 1 കിലോ ഒരു തെങ്ങിന് എന്ന തോതിൽ അധികമായി നൽകുക. |
| വാഴ | വിവിധ ഘട്ടം | തടതുരപ്പൻ വണ്ട്<br> | കൃഷിയിടങ്ങളിൽ ശുചിത്വം പാലിക്കുക. അസുഖം ബാധിച്ച ചെടികൾ തീയിട്ടു നശിപ്പിക്കുക. ബ്യൂവേറിയ ബസിയാന എന്ന മിത്ര കുമിൾ 5 , 6 , 7 മാസങ്ങളിൽ ഒരു ലിറ്ററിന് 20 ഗ്രാം എന്ന തോതിൽ കലക്കി ഒഴിച്ച് കൊടുക്കുക |
| വെള്ളരി വർഗ്ഗ വിള | വളർച്ചാ<br>ഘട്ടം | മൃദുരോമ പൂപ്പൽ രോഗം<br> | വെള്ളരി വർഗ്ഗ വിളകളിൽ മൃദുരോമ പൂപ്പൽ രോഗം പടരാൻ സാധ്യത. മുൻ കരുതലായി മാങ്കോസെബ്ബ് 2 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യറാക്കി ഇലകളുടെ ഇരു വശത്തും തളിക്കുക. രോഗം കാണുകയാണെങ്കിൽ അക്കോമിൻ 3 മില്ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്ന അനുപാതത്തിൽ 15 ദിവസ ഇടവേളകളിൽ മൂന്നു തവണ തളിക്കുക. രോഗബാധിത ഇലകൾ പറിച്ചെടുത്ത് തീയിട്ട് നശിപ്പിക്കുക |
| വഴുതന | കായ പിടിക്കുന്ന ഘട്ടം | തണ്ടുതുരപ്പൻ<br> | കീടം ആക്രമിച്ച ഭാഗങ്ങൾ നശിപ്പിക്കുക. ക്ലോറാൻട്രെനിലിപ്രോൾ (കൊറാജെൻ) 3 മില്ലി 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. തളിക്കുമ്പോൾ പാടത്തിന്റെ പുറത്തു നിന്നും ഉള്ളിലേക്ക് എന്ന രീതിയിൽ തളിക്കാൻ ശ്രദ്ധിക്കുക. |
| മുളക് | വളർച്ചാ ഘട്ടം | ഇലപ്പുള്ളി രോഗം<br> | മാങ്കോസബ് അല്ലെങ്കിൽ സാഫ് ഒരുലിറ്റർ വെള്ളത്തിൽ രണ്ടു ഗ്രാം വീതം എന്നതോതിൽ കലർത്തി തയ്യാറാക്കി തളിക്കുക |
| മാവ് | കായ്ക്കുന്ന ഘട്ടം | പൂങ്കുല തുള്ളൻ<br> | 3000 പി പി എം വീര്യമുള്ള വേപ്പധിഷ്ഠിത കീടനാശിനി ഒരു ലിറ്റർ വെള്ളത്തിൽ അഞ്ചു മില്ലി എന്ന തോതിൽ കലർത്തി തളിക്കുക |

| താക്കീത്<br>(ഉടൻനടപടിയെടുക്കുക) | ജാഗ്രത<br>(തയ്യാറാവുക) | ശ്രദ്ധ<br>(കാതോർക്കുക) | നിസ്സാരം<br>(നടപടികൾആവശ്യമില്ല) |
|---|---|---|---|

**മഴ അപായ വർണ്ണ സൂചന (ദുരന്തനിവാരണത്തിനായ്)

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷികാലാവസ്ഥസേവപദ്ധതി